# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

ഭൂഗർഭ ജലം ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3915        21.10.16- ൽ മറുപടി നൽ കേണ്ടിയിരുന്നത്

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഫ്ലാറ്റുകൾക്കും കെട്ടിട സമുച്ചയങ്ങൾക്കും ഭൂഗർഭ ജലം ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2011-ലെ അദ്ധ്യായം 14, ചട്ടം 93 (എ) അനുസരിച്ച് കുഴൽക്കിണർ വഴി ഭൂഗർഭ ജലം ഉപയോഗിക്കുന്നതിന് അതാത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്.<br>സംസ്ഥാനത്ത് ഭൂജലത്തിന്റെ സംരക്ഷണത്തിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി കേരള സംസ്ഥാന ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 നിലവിലുണ്ട്.<br>സംസ്ഥാനത്ത് ഫ്ലാറ്റ് നിർമ്മാണം, വാണിജ്യ വ്യവസായ പദ്ധതികൾ എന്നിവയ്ക്ക് ഭൂജലവികസനം നടപ്പിലാക്കുമ്പോൾ, ഭൂജല അതോറിറ്റിയുടെ ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമായി, ജില്ലാതല ഇവാല്യുവേഷൻ കമ്മിറ്റിയുടെ അനുമതി നിർബന്ധമായും വാങ്ങേണ്ടതാകുന്നു. പ്രസ്തുത പദ്ധതികൾക്ക് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൂടി വാങ്ങേണ്ടതാണ്. |

സെക്ഷൻ ഓഫീസർ